ജയിലാസ്ഥാനകാര്യാലയം,
തിരുവനന്തപുരം,

നം. E2-38/2016

തീയതി: 05/01/2016.

## സർക്കുലർ നം.2/2016

ജയിൽ വകുപ്പിലെ ചില ഉദ്യോഗസ്ഥർ ഓഫീസർമാർക്കെതിരെയും മറ്റു സഹപ്രവർത്തകർക്കെതിരെയും പേരുവയ്ക്കാതെ കത്തുകളും പരാതികളും ജയിൽ വകുപ്പ് മേധാവിയ്ക്ക് അയയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഇത്തരം പ്രവർത്തികൾ സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങൾക്ക് വിരുദ്ധമാണ്. ഈ പ്രവണത ജയിൽ വകുപ്പിലെ ഉദ്യോഗസ്ഥരുടെ കാര്യക്ഷമതയെ പ്രതികൂലമായി ബാധിക്കുന്നു. ഉദ്യോഗസ്ഥർക്കെതിരെ പരാതിയുള്ള ജയിൽ ജീവനക്കാർ സൂപ്രണ്ട്, ഡി.ഐ.ജി., ഐ.ജി., ജയിൽ വകുപ്പ് മേധാവി എന്നിവരെ ഫോണിലൂടെയോ അല്ലാത്തപക്ഷം സ്വന്തം പേരും, ഔദ്യോഗിക മേൽവിലാസവും രേഖപ്പെടുത്തി പരാതി രേഖാമൂലം സമർപ്പിക്കാവുന്നതാണ്. പേരോ, അഡ്രസ്സോ വെളിപ്പെടുത്താതെ ഉദ്യോഗസ്ഥർക്കെതിരെ ഊമക്കത്ത് അയയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ഇക്കാര്യത്തിൽ രഹസ്യാന്വേഷണം നടത്തി പരാതി അയച്ച കുറ്റക്കാരായ ജീവനക്കാർക്കെതിരെ കർശനമായ അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്. മാത്രവുമല്ല ഇത്തരത്തിലുള്ള പരാതികളിൻമേൽ ജയിൽ വകുപ്പ് യാതൊരുവിധ അനന്തര നടപടിയും സ്വീകരിക്കുന്നതല്ലയെന്നും അറിയിക്കുന്നു.

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

എല്ലാ ജയിൽസ്ഥാപന മേധാവികൾക്കും
(എല്ലാ ഉദ്യോഗസ്ഥർക്കും ഇതു സംബന്ധിച്ച
അറിയിപ്പ് നൽകേണ്ടതാണ്)

TN